"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനിൽ ഓഫീസ് അറ്റൻഡന്റായി സേവനമനുഷ്ഠിക്കുന്ന തിരുവനന്തപുരം ആശാ ഭവനിലെ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീ. പ്രദീപ് സോമന്റെ അന്യത്ര സേവന കാലാവധി 01/12/2022 മുതൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ചു നല്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.എം) വകുപ്പ്**

സ.ഉ.(സാധാ) നം.3036/2022/LSGD തീയതി, തിരുവനന്തപുരം, 07-12-2022

---

പരാമർശം:-

1. സ.ഉ. (സാധാ) നം.2312/2021/ത.സ്വ.ഭ.വ, തീയതി : 18/11/2021.
2. സാമൂഹ്യ നീതി വകുപ്പ് ഡയറക്ടറുടെ 10.11.2022-ലെ എസ്.ജെ.ഡി.3003/2020/ഇ4 നമ്പർ കത്ത്.
3. സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറിയുടെ 21.11.2022-ലെ എ1/32/2021-എസ്.ഇ.സി നമ്പർ കത്ത്.

<u>ഉത്തരവ്</u>

മേൽ പരാമർശം (1) ഉത്തരവ് പ്രകാരം സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനിൽഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനം അനുഷ്ഠിക്കുന്ന തിരുവനന്തപുരം, പൂജപ്പുര, ആശാ ഭവനിലെ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീ. പ്രദീപ് സോമന്റെ അന്യത്ര സേവന കാലാവധി 30/11/2022-ൽ അവസാനിക്കുകയാണെന്നും 01/12/2022 മുതൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ച് നൽകണമെന്നും പരാമർശം (3) പ്രകാരം സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറി ആവശ്യപ്പെട്ടിരുന്നു. ശ്രീ. പ്രദീപ് സോമന്റെ അന്യത്ര സേവന കാലാവധി 01/12/2022 മുതൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിക്കുന്നതിന് സാമൂഹ്യ നീതി വകുപ്പ് വകുപ്പിന് തടസ്സമില്ലെന്ന് സാമൂഹ്യ നീതി വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന തിരുവനന്തപുരം ആശാ ഭവനിലെ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീ. പ്രദീപ് സോമന്റെ അന്യത്ര സേവനകാലാവധി നിലവിലെ വ്യവസ്ഥകൾക്ക് വിധേയമായി 01/12/2022 മുതൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ചു നൽകിക്കൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

GANGA G R

**അണ്ടർ സെക്രട്ടറി**

സെക്രട്ടറി, സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം.

സാമൂഹ്യ നീതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

ശ്രീ. പ്രദീപ് സോമൻ, ഓഫീസ് അറ്റൻഡന്റ്, ആശാ ഭവൻ, തിരുവനന്തപുരം. (സാമൂഹ്യ നീതി വകുപ്പ് ഡയറക്ടർ മുഖാന്തിരം)

സൂപ്രണ്ട്, ആശാ ഭവൻ (സ്ത്രീകൾ), പൂജപ്പുര, തിരുവനന്തപുരം. (സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ മുഖാന്തിരം)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.

സാമൂഹ്യ നീതി വകുപ്പ്.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ (വെബ് & ന്യൂ മീഡിയ) വകുപ്പ്.

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ&ഇ), കേരള, തിരുവനന്തപുരം.

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by M.k.pradeesh Kumar**
**Date: 08-12-2022 10:00:08**

സെക്ഷൻ ഓഫീസർ